


# ജാലകം





# സെന്റ്.ജോൺസ്.എച്ച്.എസ്.എസ്

# ഇരവിപേരൂർ



തിരുവിതാംകൂറിൽ രാജഭരണം നിലനിന്നിരുന്ന കാലം. കാർത്തിക തിരുനാൾ മഹാരാജാവായിരുന്നു അന്ന് ഭരണാധികാരി. വിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങൾ അലയടിച്ചു.

ഒരു നാടിന്റെ സാംസ്കാരിക പൈതൃകം കലാകായിക വിദ്യാഭ്യാസമേഖല യിൽ സമർപ്പിച്ചുകൊണ്ട് 1910ൽ സ്ഥാപിതമായ വിദ്യാപീഠം. 1924 ആയപ്പോഴേക്കും സ്കൂൾ, ഹൈസ്കൂൾ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

കലമണ്ണിൽ കെ. ഇ. ഉമ്മൻ അച്ചൻ (ക്രിസോസ്റ്റം തിരുമേനിയുടെ പിതാവ്) ആയിരുന്നു. സ്കൂളിന്റെ ആദ്യത്തെ ഹെഡ് മാസ്റ്റർ. ഇപ്പോൾ ശ്രീമതി. ശാന്തി സാമുവേൽ പ്രധാന അധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു.

റവന്യൂ ജില്ല

പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല

തിരുവല്ല

ഉപജില്ല

പുല്ലാട്

പ്രധാന അധ്യാപിക

ശാന്തി സാമുവേൽ

പി.ടി.എ പ്രസിഡന്റ്

തോമസ് കോശി

എം.പി.ടി.എ.പ്രസിഡന്റ്

എൽസാ തോമസ്

# മികവുകളിലൂടെ

തുടർച്ചയായി പതിനാലാം തവണയും പത്തനംതിട്ട റവന്യൂ ജില്ല കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ് കരസ്ഥമാക്കി കൊണ്ടിരിക്കുന്ന സ്കൂൾ. സ്കൂളിലെ കായികാധ്യാപകനായി അനീഷ് സാർ സേവനമനുഷ് ഠിക്കുന്നു.



കലോത്സവ വേദികളിലും മികവു പുലർത്തുവാൻ സ്കൂളിനു സാധിച്ചു. എൻ. സി. സി, റെഡ് ക്രോസ്സ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ വിവിധ ക്ലബുകളും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.







## ലിറ്റിൽ കൈറ്റ് സ്

ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐടി കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സ്" അംഗങ്ങളാകാൻ സാധിച്ചതിൽ അഭിമാനിക്കുന്നു.

യൂണിറ്റ് ലീഡറായി ജെലിയ ആൻ ജിജിയും, ഡെപ്യൂട്ടി ലീഡറായി ഷെനിൻ സെബാസ്റ്റ്യനും പ്രവർത്തിക്കുന്നു.





# സന്ദേശം

ഇരവിപേരൂർ സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2018 മുതൽ നടന്നുവരുന്നു. ശാസ്ത്രയുഗത്തിൽ കുട്ടികളിൽ ഭാവനയും ജിജ്ഞാസയും വർദ്ധിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും കുട്ടികൾക്കു മാത്രമല്ല അമ്മമാർക്കും, സാധാരണകാർക്കും പ്രാപ്യമാക്കുന്നതിനുമുള്ള വിശാലമാതൃക ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്നു. പൊതുവിദ്യാഭ്യാസവകുപ്പ് ഐടി@സ്കൂളുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും കുട്ടികളിൽ വിജ്ഞാനവും വിവരസാങ്കേതികവിദ്യയും എത്തിക്കുന്നതിൽ സാധിക്കുന്നു. ഈ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ചുക്കാൻപിടിക്കുന്ന ശ്രീമതി. ജിത്തു ജോർജ്ജ്, ശ്രീമതി. ജോയ്സി സാമുവേലിനും എല്ലാഭാവുകങ്ങളും ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ശാന്തി സാമുവേൽ

ഹെഡ്മിസ്ട്രസ്

# താളുകളിലൂടെ

കെടാവിളക്ക്

മുത്തശ്ശികഥ

മഴവില്ല്

ഒരമ്മ മകനയച്ച കത്ത്

രണ്ട് മല്ലന്മാർ



# കെടാവിളക്ക്

വിദ്യാപീഠത്തിലെ കെടാവിളക്ക്
മഹത് വ്യക്തികൾ തൻ വിദ്യാപീഠം
ഇരവിപേരൂർ ദേശമനസ്സുകളിൽ
കെടാതെ കത്തി അങ്ങനെ
അറിവു പകർന്നങ്ങനെ
ശോഭിക്കട്ടെ.....



അമല മറിയം രാജൻ,1X.A

# മുത്തശ്ശി കഥ



ഒരിടത്ത് ഒരു ചെറിയ കാട്ടിൽ കുറേ മൃഗങ്ങൾ ജീവിച്ചിരുന്നു. എന്നാൽ അവരുടെ കൂട്ടത്തിൽ വളരെ ക്രൂരരും ദുഷ്ടരുമായ രണ്ട് കുരങ്ങൻമാർ ഉണ്ടായിരുന്നു. മറ്റുള്ള മൃഗങ്ങളുമായി ഒരു സൗഹൃദം ഉണ്ടാക്കി അവരെ കൊന്നു തിന്നുകയായിരുന്നു അവർ. അങ്ങനെയൊരിക്കൽ ഒരു ദിവസം കാട്ടിലെ ബുദ്ധിമാനായ മിട്ടു എന്ന മുയലിനെ അവർ കാണാൻ ഇടയായി. അവർ രണ്ടുപേർക്കും മിട്ടുമുയലിനെ ഭക്ഷിക്കണം എന്നൊരു മോഹം ഉദിച്ചു.

മിട്ടു മുയലിനെ എങ്ങനെ കൊന്നു തിന്നാം എന്ന് അവർ പദ്ധതിയിടുന്നതു അത് വഴി വന്ന കിട്ടുകുയിൽ കേട്ടു. മിട്ടുവിനെ കുറിച്ചാണെന്നു മനസിലാക്കിയ കിട്ടു മിട്ടുവിനെ അറിയിച്ചു. മിട്ടു സിംഹരാജാവിനെ ഈ വിവരം അറിയിക്കുകയും തന്നെ സഹായിക്കണമെന്ന് അപേക്ഷിക്കുകയും ചെയ് തു.

പിറ്റെ ദിവസം മിട്ടു നടന്നു വരുന്ന വഴിയിൽ കുരങ്ങൻമാർ കാത്തിരുന്നു. മിട്ടു വന്നതും അവർ മിട്ടുവിനു നേരെ ചാടിവീണു. എന്നാൽ തക്കസമയം സിംഹരാജൻ അവിടെത്തിച്ചേരുകയും കുരങ്ങൻമാരെ കാട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

ആര്യനന്ദ,XB

# മഴവില്ല്

മഴവില്ലേ മഴവില്ലേ
മാനത്തങ്ങനെ ഇരുന്നാലോ
താഴോട്ടിറങ്ങി വന്നാലും
നിറങ്ങൾ വാരിവിതറീടാം
ഞാനും കൂടെ കളിച്ചീടാം



ഷെനിൻ സെബാസ്റ്റ്യൻ,1XB

# ഒരമ്മ മകനയച്ച കത്ത്



നിഴലുകൾക്കുള്ളിലെ
കറുപ്പിനെയും പിന്നെ......
അതുകടന്നെത്തുന്ന
വെളുപ്പിനെയും
നീ തന്നെ തിരിച്ചറിയുക
നിന്നുള്ളിലുള്ളൊരു
സ് പന്ദനത്തെ......
നീ നിന്റെ ദേഹമായി ദേഹിയായി
കാണാൻ പഠിക്കുക
ദൈന്യതയ് ക്കുള്ളിലെ
പകലുകളിൽ......
സത്യങ്ങളെ തേടി നിൻ
സ്വപ് നങ്ങളലയുമ്പോൾ.......
ഓർക്കുക
നിന്നെ നീയാക്കി വളർത്തിയ
കാലത്തിൽ നിറങ്ങളെ.....
മധുതേടി അലയുന്നൊരുവണ്ടന്റെ
ചുണ്ടിലെ കനിവാർന്ന മധുവായ്
പടരാൻ പഠിക്കുക
നിലവിളക്കിൻ തിരി അണയുന്ന നേരവും....
നീ സ്വയം ദീപമായി തെളിയാൻ തുടങ്ങുക
അകകണ്ണിലെപ്പോഴും അമൃതായി നിറയുന്ന.....
അമ്മയാം സത്യത്തെ കുമ്പിട്ടു മരുവുക....
ഇണയെന്ന പ്രണയത്തെ വിലയുള്ള വസ് തുവായ്....
വാമഭാഗത്തെപ്പോഴും താങ്ങായി ചേർക്കുക....
പിന്നെ അതിൽ നിന്നും വിരിയുന്ന ജീവനാകും പൂവിനെ....
ലോകത്തിൽ നന്മയായ് വളരാൻ വളർത്തുക....
എപ്പോഴും എപ്പോഴും ഒരു കൊച്ചു മിഴിനീരിൽ പോലുമേ.....
ദൈവമാം ദേവനെ തെളിവോടെ ഓർക്കുക.....
എൻ ജന്മത്തിനേകിയ സുകൃതമാം ഓമനേ....
ഇനി നിന്റെ ജീവിതം ......ഇനി നിന്റെ പാതകൾ.....
ഇനി നിന്റെ പാതകൾ....ഇനി നിന്റെ ലക്ഷ്യങ്ങൾ....
മോഹങ്ങൾ.....മാർഗ്ഗങ്ങൾ....

സ്നേഹപൂർവ്വം

മഹിമാദേവി,1XB

# രണ്ട് മല്ലന്മാർ

ഗോലപൂർ എന്ന അതിമനോഹരമായ ഗ്രാമത്തിൽ രണ്ട് മല്ലന്മാർ ഉണ്ടായിരുന്നു. അവർ രണ്ടുപേരും മല്ലയുദ്ധത്തിന് പുറപ്പെട്ടു പോകുന്ന വഴിക്കുള്ള എല്ലാ മല്ലന്മാരെയും അവർ തോൽപിച്ചു. അവിടുത്തെ രാജാക്കന്മാരുടെ കൈയിൽ നിന്ന് സമ്മാനങ്ങൾ വാങ്ങിച്ചു തിരികെ വീട്ടിലേക്ക് മടങ്ങിപ്പോയ വഴിക്ക് അവർക്ക് ഒരു അനാഥകുഞ്ഞിനെ കിട്ടി. പ്രായമുള്ളയാൾ അവനെ സ്വന്തം മകനെ പോലെ വളർത്തി.

കാലങ്ങൾ കടന്നുപോയി.ആ കുട്ടി വലുതായി. അവർ അവനെ മല്ലയുദ്ധം പരിശീലിപ്പിച്ചു. അങ്ങനെ യൗവനക്കാരനായ അവൻ ഗ്രാമത്തിൽ നടത്തിയ മല്ലയുദ്ധത്തിൽ പങ്കെടുത്തു. അവിടെവെച്ച് നാട്ടുവാഴിയുടെ മകളെ കാണുകയും പ്രണയത്തിലാവുകയും ചെയ്തു. അവിടുത്തെ മല്ലയുദ്ധം കഴിഞ്ഞ് അടുത്ത നാട്ടിലേക്ക് പോകുന്ന യാത്രയിൽ മൗനമായി ഇരിക്കുന്ന അവനെ കണ്ടിട്ട് ഒരു മല്ലൻ ചോദിച്ചു "നിനക്കെന്താ വിഷമം നിന്റെ മുഖം എന്താ വാടിയിരിക്കുന്നത്". അവൻ കാര്യങ്ങൾ അവരോട് പറഞ്ഞു എന്റെ ഹൃദയത്തിന്റെ പകുതി ഞാൻ അവൾക്ക് കൊടുത്തു. അവന്റെ അതിയായ സങ്കടം കണ്ടിട്ട് മല്ലൻ പറഞ്ഞു അവർ വലിയവർ നീ അത് മറക്കുക. എന്നാൽ അവൻ അതിന് തയ്യാറായില്ല.

ഒരു മാസത്തിനുശേഷം ഗ്രാമത്തിൽ ദേവിയുടെ ഉത്സവം നടക്കുന്നുണ്ടെന്നറിഞ്ഞ് അവർ വീണ്ടും അവളുടെ ഗ്രാമത്തിൽ എത്തി. ദൂരെ എങ്ങും പോകരുത് തിരക്ക് കൂടുതൽ കാരണം ഞങ്ങളുടെ കൂടെ തന്നെ നിൽക്കണം എന്ന് മല്ലന്മാർ പറഞ്ഞു. അപ്പോഴാണ് അവൻ അവളെ കണ്ടത്. അവൻ മല്ലന്മാർ കാണാതെ അവിടെനിന്നു മറഞ്ഞു. രണ്ടുപേരും കൂടി ചിത്രശലഭത്തെ പോലെ പാറി നടന്നു. ജനക്കൂട്ടത്തിന്റെ ഇടയിൽ മല്ലന്മാർ അവനെ തിരഞ്ഞു.

ഒരു കൂട്ടം ജനങ്ങൾ അവരുടെ ആചാരപ്രകാരം ഒരു കെട്ടുകാളയെ തോളിൽ ഏറ്റുകൊണ്ടുവരുന്നുണ്ടായിരുന്നു. അതിന്റെ ഭാഗമായി മഞ്ഞഭസ്മം വാരി അന്തരീക്ഷത്തിൽ എറിഞ്ഞുകൊണ്ടേയിരുന്നു. ആരെയും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ എങ്ങും മഞ്ഞകടൽ മാത്രം. വളരെ ഉയർന്നു നിൽക്കുന്ന ഒരു കെട്ടുകാള പെട്ടെന്ന് അവരുടെ കയ്യിൽ നിന്നും വഴുതി ആൾക്കൂട്ടത്തിന്റെ നടുവിലേക്ക് വീണു.വളരെ ശക്തിയോടെ ആ കെട്ടുകാള നിലത്തു വന്നു പതിച്ചു . ഇത് കണ്ടു ജനക്കൂട്ടം പരിഭ്രാന്തരായി നാലു വശത്തേക്ക് ചിതറിയോടി.മല്ലന്മാർ രണ്ടുപേരും ആ കെട്ടുകാളയുടെ ഇടയിൽ പെട്ടവരെ രക്ഷിച്ചുകൊണ്ടിരുന്നു. എന്നിട്ട് ആ രണ്ട് മല്ലന്മാർ ചേർന്ന് വീണു കിടക്കുന്ന കെട്ടുകാളയെ സ്വന്തം ചുമലിൽ എടുത്തു മാറ്റി കൊണ്ടിരുന്നപ്പോൾ പെട്ടെന്ന് കൈകോർത്ത് പിടിച്ചു കിടക്കുന്ന രണ്ടു ശരീരങ്ങൾ കണ്ടു. അത് അവർക്ക് താങ്ങാൻ കഴിയുന്നതിനു അപ്പുറമായിരുന്നു, ആ കുഞ്ഞുങ്ങൾ ആയിരുന്നു അത്.

ഗുണപാഠം: മാതാപിതാക്കൾ മക്കളുടെ നന്മയ്ക്കായി മാത്രമാണ് പ്രവർത്തിക്കുന്നതും, ചിന്തിക്കുന്നതും. മക്കൾക്ക് കേൾക്കുമ്പോൾ ഇഷ്ടക്കേടായി തോന്നുമെങ്കിലും, പല ചതിക്കുഴിയിൽ അകപ്പെട്ടു കഴിയുമ്പോൾ മാത്രമാണ് മാതാപിതാക്കളുടെ വില മനസ്സിലാകുന്നത്.

ജെലിയ ആൻ ജിജി,1XA


നന്ദി